ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ശ്രീ രാജഗോപാൽ ആർ (PEN.695563),ഓട്ടോമൊബൈൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, എം വി ജി എം ഗവ പോളിടെക്നിക്ക് കോളേജ്, വെണ്ണിക്കുളം - അനധികൃതമായി ജോലിക്ക് ഹാജരാകാത്തത്- സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി- ഉത്തരവ് – പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (സി) വിഭാഗം**

**നം.DTETVM/9616/2024-EC4 (EC)** **തിരുവനന്തപുരം, തീയതി : 20-08-2025**

---

വായന :- 1. 15.10.2024 തീയതിയിലെ വെണ്ണിക്കുളം,എം വി ജി എം ഗവ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിൻറെ A4/577/24 നമ്പർ കത്ത്.
2. 05.08.2025 തീയതിയിലെ വെണ്ണിക്കുളം,എം വി ജി എം ഗവ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിൻറെ A4/577/24 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വെണ്ണിക്കുളം,സർക്കാർ പോളിടെക്നിക് കോളേജിലെ ഓട്ടോമൊബൈൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ശ്രീ രാജഗോപാൽ ആർ (PEN.695563) 2024 ജനുവരി മാസം മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ലെന്നും ടി വിഷയം സംബന്ധിച്ച് മെമ്മോ നൽകിയെങ്കിലും നാളിതുവരെയായി മറുപടിയൊന്നും നൽകിയിട്ടില്ല എന്നും സൂചന (1) പ്രകാരം സ്ഥാപനമേധാവി അറിയിച്ചിരുന്നു. ടി വിഷയം ഓട്ടോമൊബൈൽ വിഭാഗത്തിലെ വിദ്യാർഥികൾക്കും മറ്റ് അദ്ധ്യാപകർക്കും വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായും വിദ്യാർഥികളുടെ പ്രാക്ടിക്കൽ ക്ലാസ്,പ്രോജക്റ്റ് എന്നിവയിൽ തടസം നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ അടിയന്തിരമായി പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സ്ഥാപന മേധാവി ആവശ്യപ്പെട്ടിരുന്നു. ഇതേ തുടർന്ന് ടി വിഷയത്തിൽ വിശദമായ റിപോർട്ട് സ്ഥാപനമേധാവിയോട് ആവശ്യപ്പെട്ടിരുന്നു.ടി റിപ്പോർട്ടിൽ ശ്രീ രാജഗോപാൽ ആർ 17/4/2024 ന ജോലിക്കു ഹാജരായതായും അവധി അപേക്ഷകൾ നൽകിയതായും ടിയാനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും സ്ഥാപനമേധാവി ആവശ്യപ്പെട്ടിരുന്നു.

ആരോഗ്യപരമായ കാരണങ്ങളാലും,സ്ഥാപനത്തിൽ ഹാജരായിക്കൊള്ളാമെന്ന് സമർപ്പണ പ്രകാരം ടിയാൻ ഉറപ്പ് നൽകിയതിനാലുമാണ് തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് അറിയിച്ചതെന്നും തുടർന്നും ടിയാൻ നിരന്തരമായി ഹാജരാകാതിരിക്കുന്നത് അക്കാദമിക് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ടെന്നും സൂചന (2) പ്രകാരം സ്ഥാപനമേധാവി അറിയിച്ചിരിക്കുന്നു. ടിയാൻറെ സർവീസ് സംബന്ധമായ കാര്യങ്ങളും തീർപ്പാക്കാൻ കഴിയാത്ത

സാഹചര്യത്തിൽ ടിയാനെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന് എതിർപ്പില്ലായെന്നും സ്ഥാപനമേധാവി അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വെണ്ണിക്കുളം, സർക്കാർ പോളിടെക്നിക് കോളേജിലെ ഓട്ടോമൊബൈൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ശ്രീ രാജഗോപാൽ ആർ (PEN.695563) അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും കൃത്യമായി അവധി അപേക്ഷകൾ സമർപ്പിക്കാതിരിക്കുകയും SLI, GIS പോളിസികൾ പ്രവർത്തനക്ഷമമാക്കുന്നതിനും അവധി അപേക്ഷകൾ നൽകുന്നതിനും സ്ഥാപന മേധാവി നൽകിയ മെമ്മോയ്ക്ക് മറുപടി സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നത് തീർത്തും കൃത്യവിലോപമായി കണക്കാക്കാവുന്നതും അച്ചടക്ക നടപടി സ്വീകരിക്കാവുന്നതുമാണെന്ന് കാണുന്നു. ആയതിനാൽ വെണ്ണിക്കുളം, സർക്കാർ പോളിടെക്നിക് കോളേജിലെ ഓട്ടോമൊബൈൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ശ്രീ രാജഗോപാൽ ആർ (PEN.695563) നെ 1960-ലെ കേരള സിവിൽ സർവീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ഭാഗം IV ചട്ടം 10 പ്രകാരം വകുപ്പ് തല അന്വേഷണ നടപടികൾക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

Signed by
Jayaprakash P
Date: 20-08-2025 22:52:26

JAYAPRAKASH P
DIRECTOR (FULL ADDITIONAL CHARGE)

സ്വീകർത്താവ്,

1. പ്രിൻസിപ്പാൾ,സർക്കാർ പോളിടെക്നിക് കോളേജ് , വെണ്ണിക്കുളം
2. ശ്രീ രാജഗോപാൽ ആർ,ഓട്ടോമൊബൈൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ(സ്ഥാപന മേധാവി മുഖേനെ)